# സ്വർഗ്ഗത്തിലെ ആത്മികാനുഗ്രഹങ്ങൾ

സാക് പുന്നൻ

WFTW 26 ജൂൺ 2016

എഫേസ്യർ 1:3 ഇപ്രകാരം പറയുന്നു: 'സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻറെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ', ഇവിടെ പറഞ്ഞിരിക്കുന്ന എല്ലാ അനുഗ്രഹങ്ങളും ആത്മീകമാണ്, ഭൗതികമല്ല എന്നതു ശ്രദ്ധിക്കുക. പഴയ ഉടമ്പടിയുടെ കീഴിൽ യിസ്രയേൽ ജനത്തിന് വാഗ്ദാനം ചെയ്തിരുന്നതെല്ലാം ഭൗതിക അനുഗ്രഹങ്ങളായിരുന്നു. അത് നമുക്ക് ആവർത്തന പുസ്തകം 28ാം അദ്ധ്യായത്തിൽ വായിക്കാവുന്നതാണ്. ക്രിസ്തു കൊണ്ടുവന്ന കൃപയെ മോശെ കൊണ്ടുവന്ന ന്യായപ്രമാണത്തിൽ നിന്ന് വേർതിരിച്ചു കാണിക്കുന്നത് ഇതാണ്. ഇപ്രകാരം ഒരു വാക്യം പഴയനിയമത്തിൽ ഉണ്ടായിരുന്നെങ്കിൽ അത് ഇങ്ങനെ വായിക്കുമായിരുന്നു: 'ഈ ഭൂമിയിലുള്ള എല്ലാ ഭൗതീകനന്മകളാലും മോശെയിൽ നമ്മെ അനുഗ്രഹിച്ചിരിക്കുന്ന സർവ്വശക്തനായ ദൈവം (നമ്മുടെ പിതാവല്ല) വാഴ്ത്തപ്പെട്ടവൻ'.

അതുകൊണ്ട് പ്രാഥമികമായി ശാരീരിക സൗഖ്യത്തിനും ഭൗതീക അനുഗ്രഹങ്ങൾക്കുമായി അന്വേഷിക്കുന്ന വിശ്വാസികൾ യഥാർത്ഥത്തിൽ പഴയ ഉടമ്പടിയിലേക്ക് തിരിച്ചുപോവുകയാണ്. അങ്ങനെയുള്ള 'വിശ്വാസികൾ' വാസ്തവത്തിൽ യിസ്രയേല്യരാണ്, ക്രിസ്ത്യാനികളല്ല. അവർ മോശെയുടെ അനുയായികളാണ്. ക്രിസ്തുവിൻറേതല്ല. അതിൻറെ അർത്ഥം ദൈവം ഇന്ന് വിശ്വാസികളെ ഭൗതീകമായി അനുഗ്രഹിക്കുന്നില്ല എന്നാണോ? അവിടുന്ന് ചെയ്യുന്നുണ്ട് എന്നാൽ വ്യത്യസ്തമായ ഒരു മാർഗ്ഗത്തിലൂടെയാണ്. അവർ മുമ്പെ അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുമ്പോൾ, അവരുടെ ഭൗതീക ആവശ്യങ്ങളെല്ലാം അവർക്ക് നൽകപ്പെടുന്നു. പഴയ ഉടമ്പടിയുടെ കീഴിൽ, ആളുകൾ ഈ ഭൗതിക കാര്യങ്ങൾക്കുവേണ്ടി മാത്രമെ അന്വേഷിച്ചിരുന്നുള്ളു, അതെല്ലാം അവർക്ക് ധാരാളമായി ലഭിക്കുകയും ചെയ്തു അനേകം മക്കൾ, വളരെ സ്ഥാവര ജംഗമ വസ്തുക്കൾ, ധാരാളം പണം, ശത്രുക്കളുടെമേൽ വിജയം, ഭൂമിയിലുള്ള മാനവും സ്ഥാനവും തുടങ്ങിയവ. എന്നാൽ പുതിയ ഉടമ്പടിയുടെ കീഴിൽ, നാം ആത്മീയ അനുഗ്രഹങ്ങൾക്കായി അന്വേഷിക്കുന്നു ആത്മീയമക്കൾ, ആത്മീയസമ്പത്ത്, ആത്മീയബഹുമതി, ആത്മീയവിജയം (സാത്താൻറെയും ജഡത്തിൻറെയും മേൽ, അല്ലാതെ ഫെലിസ്ത്യരുടെയോ മറ്റ് മനുഷ്യരുടെയോ മേലല്ല). നമ്മുടെ ഭൗതീക ആവശ്യങ്ങൾ, ദൈത്തിൻറെ ഇടഷ്ടം ചെയ്യുനാവശ്യമായ ആരോഗ്യവും പണവും പോലെയുള്ളവ, നമുക്ക് കൂട്ടിച്ചേർത്ത് നൽകപ്പെടുന്നു. നമ്മെ നശിപ്പിക്കയില്ല എന്ന് അവിടുത്തേക്ക് അറിയാവുന്ന അത്രയും പണമേ ദൈവം നമുക്ക് നൽകുകയുള്ളു. പഴയ ഉടമ്പടിയുടെ കീഴിൽ ദൈവം ചിലരെ മഹാ കോടീശ്വരന്മാരാക്കിയിട്ടുണ്ടാകാം. എന്നാൽ അവിടുന്ന് ഇന്നു നമുക്കുവേണ്ടി അത് ചെയ്യുകയില്ല, കാരണം ഉയരത്തിലുള്ള കാര്യങ്ങൾ അന്വേഷിക്കുന്നതിൽ നിന്ന് അത് നമ്മെ തടയുകയും അങ്ങനെ നമ്മെ നശിപ്പിക്കുകയും ചെയ്തേക്കാം.

അനേകം വിശ്വാസികൾക്കും പഴയ ഉടമ്പടിയും പുതിയ ഉടമ്പടിയും തമ്മിലുള്ള വ്യത്യാസം മനസ്സിലായിട്ടില്ല. അതുകൊണ്ടാണ് ഇന്നും അവർ പഴയ ഉടമ്പടിയുടെ കീഴിൽ ദൈവം ജനത്തിന് വാഗ്ദാനം ചെയ്തിരിക്കുന്ന കാര്യങ്ങളുടെ പിന്നാലെ പോകുന്നത്. സമൃദ്ധി പ്രസംഗിക്കുന്നവർ വേദപുസ്തകത്തിൽ നിന്ന് തങ്ങൾ പ്രസംഗിക്കുന്ന കാര്യങ്ങൾ തിരെഞ്ഞെടുക്കുന്നതിൽ വളരെ കഴിവുള്ളവരാണ്. ഉദാഹരണത്തിന്, ആവർത്തനം 28:11ൽ കാണുന്ന പഴയ ഉടമ്പടി അനുഗ്രഹം വാഗ്ദാനം ചെയ്യുന്നത് ദൈവം യിസ്രയേല്യരെ ധാരാളം പണവും അനേകം മക്കളെയും നൽകി അനുഗ്രഹിക്കുമെന്നാണ്. എന്നാൽ ഈ പ്രസംഗകർ

അതിൻറെ രണ്ടാംഭാഗം പ്രസംഗിക്കാറില്ല. അത് അവരുടെ സ്വഭാവ ദാർഢ്യത്തിൻറെ കുറവിനെയാണ് കാണിക്കുന്നത്. ഈ സമൃദ്ധിയുടെ പ്രസംഗകരിൽ ആരും തന്നെ ദൈവം തൻറെ ജനത്തെ അനേകം മക്കളെ നൽകി അനുഗ്രഹിക്കുമെന്ന് ഞാൻ കേട്ടിട്ടില്ല. അവർ ഒന്നാംകിട വഞ്ചകന്മാരാണെന്ന് തെളിയിക്കുവാൻ ഈ ഒരൊറ്റ കാര്യം മതിയാകും. അവർ ഭൗതിക സമൃദ്ധി പ്രസംഗിക്കുന്നതിൻറെ കാരണം അവരുടെ അളവില്ലാത്ത ധനത്തെ (ദരിദ്രരായ ആളുകളിൽ നിന്ന് ശേഖരിച്ചതു വഴി അവർക്കു ലഭിച്ച പണം) ന്യായീകരിക്കുവാൻ ആഗ്രഹിക്കുന്നു. അതിനായി പഴയ നിയമത്തിലെ അപ്രസക്തമായ ഒരു വാക്യം ഉദ്ധരിക്കുന്നു. അങ്ങനെയുള്ള പ്രസംഗകരാൽ നിങ്ങൾ വഞ്ചിക്കപ്പെടരുത്.

എഫേ.1:3ലെ 'ആത്മീക അനുഗ്രഹങ്ങൾ' എന്ന വാക്കുകളെ 'പരിശുദ്ധാത്മാവിൻറെ അനുഗ്രഹങ്ങൾ' എന്ന് പരിഭാഷപ്പെടുത്താവുന്നതാണ്. പരിശുദ്ധാത്മാവിൻറെ എല്ലാ അനുഗ്രഹവും നേരത്തെതന്നെ ദൈവം നമുക്ക് ക്രിസ്തുവിൽ നൽകിയിട്ടുണ്ട്. നാം അത് യേശുവിൻറെ നാമത്തിൽ അവകാശപ്പെടേണ്ട കാര്യം മാത്രമെയുള്ളു. ഭിക്ഷക്കാരിയായ ഒരു പെൺകുട്ടി വഴിയരികിൽ നിന്ന് ഭിക്ഷ യാചിക്കുന്നത് നിങ്ങൾ സങ്കൽപ്പിക്കുക. ധനവാനായ ഒരു രാജകുമാരൻ അതു വഴി വരികയും അവളെ വിവാഹം കഴിക്കാൻ തീരുമാനിച്ചിട്ട് ലക്ഷക്കണക്കിന് രൂപ ഒരു ബാങ്ക് അക്കൗണ്ടിൽ ഇടുകയും ചെയ്യുന്നു അവൾക്ക് ആവശ്യമുള്ളപ്പോഴെല്ലാം അവൾക്ക് പണം പിൻവലിക്കാൻ കഴിയുന്ന ഒരു അക്കൗണ്ട്. എത്ര ഭാഗ്യവതിയായ ഒരു പെൺകുട്ടിയാണ് അവൾ! ഒരിക്കൽ ഒരു ചെറിയ പാട്ടയും അതിൽ ഏതാനും നാണയ തുട്ടുകളുമല്ലാതെ ഒന്നുമില്ലാതിരുന്നവൾ. എന്നാൽ ഇന്ന് അവൾ വിശേഷ വസ്ത്രങ്ങൾ ധരിച്ച് ഗംഭീരമായ രീതിയിൽ ജീവിക്കുന്നു. ബാങ്കിൽ നിന്ന് അവൾക്ക് എത്ര വലിയ തുക വേണമെങ്കിലും എടുക്കാം. കാരണം രാജകുമാരൻ ഒപ്പിട്ട, തുകയെഴുതിയിട്ടില്ലാത്ത ധാരാളം ചെക്കുകൾ അവളുടെ കയ്യിലുണ്ട്. ആത്മീയമായി പറഞ്ഞാൽ ഇത് നമ്മുടെ ചിത്രമാണ്. ഇപ്പോൾ നമുക്ക് സ്വർഗ്ഗീയ ബാങ്കിലേക്ക് ചെന്ന് പരിശുദ്ധാത്മാവിൻറെ ഓരോ അനുഗ്രഹവും അവകാശമാക്കാവുന്നതാണ്. കാരണം അവയെല്ലാം ക്രിസ്തുവിൻറെ നാമത്തിൽ നമുക്കുള്ളതാണ്. നാം അവിടുത്തോടുള്ള വിവാഹ ബന്ധത്തിൽ നിലനിൽക്കുമെങ്കിൽ സ്വർഗ്ഗത്തിലുള്ള സകലവും ക്രിസ്തുവിൽ നമുക്കുള്ളതാണ്: 'കർത്താവെ, ഭൂമിയിലുള്ള എൻറെ നാളുകളെല്ലാം അവിടുത്തെ മണവാട്ടി എന്ന നിലയിൽ അങ്ങയോട് സത്യസന്ധതയുള്ള ഒരാളായിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു' ഇങ്ങനെ നമുക്ക് പറയാൻ കഴിയുമെങ്കിൽ അപ്പോൾ പരിശുദ്ധാത്മാവിൻറെ ഓരോ അനുഗ്രഹവും നമ്മുടേതാണ്. അതിൽ ഏതിനെങ്കിലും നാം അർഹരാണ് എന്ന് ദൈവത്തെ ബോധ്യപ്പെടുത്താനായി നാം പരിശ്രമിക്കേണ്ടതില്ല കാരണം അവയിൽ ഒന്നുപോലും അർഹിക്കുന്നില്ല. തനിക്ക് സൗജന്യമായി ലഭിച്ച സമ്പത്തെല്ലാം അവൾ അർഹിക്കുന്നതാണെന്ന് ആ ഭിക്ഷക്കാരി പെൺകുട്ടി കരുതുന്നതായി നിങ്ങൾക്ക് ചിന്തിക്കാൻ കഴിയുമോ? ഒരിക്കലുമില്ല. നാം പ്രാപിക്കുന്നതെല്ലാം ദൈവത്തിൻറെ കരുണയാലും കൃപയാലുമാണ്. സ്വർഗ്ഗത്തിലുള്ളതെല്ലാം നമുക്ക് എടുക്കാൻ കഴിയുന്നതിന് കാരണം അതെല്ലാം ക്രിസ്തുവിൽ നമുക്ക് സൗജന്യമായി നൽകപ്പെട്ടിരിക്കുന്നതാണ്. ഉപവാസത്താലോ, പ്രാർത്ഥനയാലോ അതൊന്നും നമുക്ക് നേടിയെടുക്കാൻ കഴിയില്ല. പരിശുദ്ധാത്മാവിൻറെ അനുഗ്രഹങ്ങൾ അനേകർക്ക് പ്രാപിക്കാൻ കഴിയുന്നില്ല. കാരണം അവർ മേൽ പറഞ്ഞ മാർഗ്ഗങ്ങളിലൂടെ അവയെ നേടാൻ ശ്രമിക്കുന്നു! നമുക്ക് അവയെ അങ്ങനെ പ്രാപിക്കാൻ കഴിയില്ല. അവയെല്ലാം ക്രിസ്തുവിൻറെ യോഗ്യതയിലൂടെ മാത്രം നാം കൈക്കൊള്ളണം.

ചില ഭൗതീക ആവശ്യങ്ങൾക്കുവേണ്ടി ഒരിക്കൽ ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ കർത്താവ് ഈ പാഠം എന്നെ പഠിപ്പിച്ചത് എങ്ങനെയെന്ന് ഞാനോർക്കുന്നു. ഞാൻ പറഞ്ഞു: 'കർത്താവെ, അനേക വർഷങ്ങളായിട്ട് ഞാനങ്ങയെ സേവിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ദയവുണ്ടായി ഇതെനിക്കുവേണ്ടി ചെയ്യണമെ' അപ്പോൾ കർത്താവ് പറഞ്ഞു: 'ഇല്ല, നീ നിൻറെ

സ്വന്ത നാമത്തിൽ വന്നാൽ ഞാൻ അത് ചെയ്യുകയില്ല'. യേശുവിൻറെ നാമത്തിൽ പ്രാർത്ഥിക്കുന്നതിൻറെ അർത്ഥമെന്താണെന്ന് അന്ന് എനിക്കു മനസ്സിലായി. അടുത്ത ഇട മാത്രം രക്ഷിക്കപ്പെട്ടു വന്ന ഒരു പുതിയ വിശ്വാസിയും 1959ൽ രക്ഷിക്കപ്പെട്ട ഞാനും, ഞങ്ങൾ രണ്ടുപേരും ദൈവത്തിൻറെ അടുത്തുവരുന്നത് കൃത്യമായി ഒരേ അടിസ്ഥാനത്തിലാണ് എന്ന് അന്ന് എനിക്കു മനസ്സിലായി യേശുക്രിസ്തുവിൻറെ യോഗ്യതയിൽ മാത്രം. യേശുക്രിസ്തുവിനാൽ ഒപ്പിടപ്പെട്ട ഒരു ചെക്കുമായി അയാൾ അവിടെ വരേണ്ടതുണ്ട്. എനിക്കും അവിടെ വരാൻ കഴിയുന്നത് യേശുക്രിസ്തുവിനാൽ ഒപ്പിടപ്പെട്ട ഒരു ചെക്കുമായി മാത്രമാണ്. ഞാൻ വളരെ വർഷങ്ങളായി അവിടുത്തോട് വിശ്വസ്തനാണെന്ന് പറഞ്ഞ് ദൈവത്തിൻറെ അടുത്ത് ചെന്നാൽ, അപ്പോൾ ഞാൻ സ്വർഗ്ഗത്തിലെ ബാങ്കിലേക്ക് വരുന്നത് ഞാൻ ഒപ്പിട്ട ഒരു ചെക്കുമായിട്ടായിരിക്കും. അപ്പോൾ സ്വർഗ്ഗത്തിലെ ബാങ്ക് അത് തള്ളിക്കളയും. നമ്മുടെ അനേകം പ്രാർത്ഥനകൾക്കും ഉത്തരം ലഭിക്കാത്തതു കാരണം അതാണ്.

നാം യേശുവിൻറെ നാമത്തിലല്ല പോകുന്നത്. നാം നമ്മുടെ പേരിൽ തന്നെയാണ് പോകുന്നത്. നാം കരുതുന്നത് നാം ദൈവത്തിനു വേണ്ടി വളരെയേറെ ത്യാഗം സഹിച്ചിട്ടുള്ളതുകൊണ്ട്, അവിടുന്ന് നമ്മുടെ പ്രാർത്ഥനക്ക് മറുപടി തരണം എന്നാണ്. നാം എഴുപത് വർഷങ്ങളായിട്ട് വിശ്വസ്തരായി ജീവിച്ചിട്ടുണ്ടെങ്കിലും, നാം കർത്താവിൻറെ അടുത്ത് ചെല്ലുമ്പോൾ, പുതിയ ഒരു വിശ്വാസിയെപ്പോലെ അതേ അടിസ്ഥാനത്തിൽ മാത്രമെ ചെല്ലാൻ കഴിയൂ യേശുവിൻറെ നാമത്തിൽ. ആ വെളിപ്പാടിനായി ഞാൻ ദൈവത്തിന് നന്ദി പറയുന്നു. കാരണം അതിനുശേഷം പിന്നീടൊരിക്കലും ദൈവത്തിൻറെ അടുത്ത് എൻറെ പേരെഴുതി ഒപ്പിട്ട ഒരു ചെക്ക് കൊണ്ടുചെന്നിട്ടില്ല!! അത് ചെയ്യുവാൻ പ്രലോഭിപ്പിക്കപ്പെടുമ്പോൾ ഞാൻ പറയാറുണ്ട് : 'ആ ചെക്കിനൊരിക്കലും കാശ് കിട്ടുകയില്ല. ഞാൻ യേശുവിൻറെ നാമത്തിലും അവിടുത്തെ യേഗ്യത മൂലവും മാത്രം പോകട്ടെ'. അതുകൊണ്ട് സ്വർഗ്ഗസ്ഥലങ്ങളിലുള്ള സകല പരിശുദ്ധാത്മാനുഗ്രഹവും ക്രിസ്തുവിൽ നമ്മുടേതാണ്.